DESPATCHED
On..12/5/22..

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2561614, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**AP.No.498 (1)/2021/SIC തീർപ്പു കല്പ്പിച്ചു കൊണ്ടുള്ള നടപടിക്രമം**
**File No. 4767/SIC-G4/2021)**
**സന്നിഹിതൻ**
ഡോ.വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ
തീയതി : 2022 മേയ് 9

ശ്രീമതി. ദിവ്യ വിശ്വനാഥൻ,
ഹൗസ് നം. 16/972, സ്വസ്തികം,
ചെറിയകണ്ണികരുവൻകാവ് പറമ്പ്,
ആനി ഹാൾ റോഡ്, ചാലപ്പുറം പി.ഒ.,
കോഴിക്കോട്- 673 002.
} അപ്പീൽ ഹർജിക്കാരി

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &,
ഇൻസ്പെക്ടർ എസ്. എച്ച്.ഒ.,
നഗരം പോലീസ് സ്റ്റേഷൻ,
കോഴിക്കോട് സിറ്റി
3. അപ്പീൽ അധികാരി,
പോലീസ് അസിസ്റ്റന്റ് കമ്മീഷണർ,
സൗത്ത്, കോഴിക്കോട് സിറ്റി.
} എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിലെ 4.8.2021-ലെ കമ്മീഷൻ ഉത്തരവിന്റെ 5-ാം ഖണ്ഡികയിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ രണ്ടാം എതിർകക്ഷി അന്വേഷണം നടത്തി ഹാജരാക്കിയ റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീമതി ദിവ്യവിശ്വനാഥൻ 11.11.2020 തീയതി ടിയാളുടെ വീട് പൂട്ടി പാലക്കാട് പോയതിൽപ്പിന്നെ 13.11.2020 തീയതി തിരിച്ചു വീട്ടിലെത്തിയതിൽ വീട്ടിൽ ആരോ അതിക്രമിച്ചു കയറി ചില്ലറ പൈസ സൂക്ഷിച്ചിരുന്ന രണ്ട് പെട്ടികൾ കാണാതാവുകയും സുമാർ 2,000/- രൂപ നഷ്ടപ്പെട്ടു എന്നുള്ള കാര്യത്തിന് കോഴിക്കോട് സിറ്റി ടൗൺ പോലീസ് സ്റ്റേഷനിൽ പരാതി നൽകി എന്ന കാര്യത്തിന് ടൗൺ പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ.വിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടതിലും സ്റ്റേഷൻ റിക്കാർഡുകൾ പരിശോധിച്ചതിലും 14.11.2020 തീയതിയിൽ പ്രസ്തുത പരാതി സ്റ്റേഷനിൽ ലഭിച്ചിട്ടില്ലെന്ന് അന്വേഷണത്തിൽ വ്യക്തമായിട്ടുള്ളതായും തുടർന്ന് ടിയാളുടെ പരാതി വിഷയവുമായി അന്വേഷണം നടത്തിയതിൽ ഉപകാരപ്രദമായവ യാതൊരു വിവരങ്ങളും ലഭിച്ചിട്ടില്ലയെന്നുമാണ്. കൂടാതെ ഒന്നാം എതിർകക്ഷി ലഭ്യമാക്കിയ ഡെസ്പാച്ച് കം സ്റ്റാമ്പ് രജിസ്റ്ററിന്റെ പകർപ്പ് പരിശോധിച്ചതിൽ ഹർജിക്കാരിയുടെ 30.11.2020-ലെ വിവരാവകാശ അപേക്ഷയ്ക്ക് 29.12.2020-ന് മറുപടി നൽകിയിട്ടുള്ളതായും കമ്മീഷന് ബോധ്യമാകുന്നു. ആയതിനാൽ ടി റിപ്പോർട്ടുകൾ അംഗീകരിച്ച് ഈ ഹർജിയിലെ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ഇന്നേ ദിവസം 2022 മേയ് 9-ാം തീയതി കമ്മീഷൻ പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഡോ.വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്
Sd/-
കമ്മീഷൻ സെക്രട്ടറി

RIGHT TO INFORMATION

shi